"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം കുട്ടനാട്- ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ച അധിക തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.246/2024/AGRI തീയതി,തിരുവനന്തപുരം, 13-03-2024

പരാമർശം:-

1. സ.ഉ (സാധാ) നം. 500/2023/അഗ്രി, തീയതി 23.05.2023
2. സ.ഉ (സാധാ) നം. 1092/2023/അഗ്രി, തീയതി 16.11.2023
3. സ.ഉ (സാധാ) നം. 111/2024/അഗ്രി, തീയതി 06.02.2024
4. അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്ര ഡയറക്ടറുടെ 07.02.2024 തീയതിയിലെ 01/IRTCBSF/2015 നമ്പർ കത്ത്.
5. സ.ഉ (സാധാ) നം. 2201/2024/ധന, തീയതി 07.03.2024

**<u>ഉത്തരവ്</u>**

കുട്ടനാട്, അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് 2023-24 സാമ്പത്തിക വർഷം പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ബഡ്ജറ്റ് വിഹിതമായി 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയും പരാമർശം 2,3 ലെ സർക്കാർ ഉത്തരവുകൾ പ്രകാരം ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി യഥാക്രമം 24,00,000/-(ഇരുപത്തിനാല് ലക്ഷം രൂപ മാത്രം) രൂപയും 6,00,000/- (ആറ് ലക്ഷം രൂപ മാത്രം) രൂപയും അധിക ധനാനുമതിയായി അനുവദിച്ചിരുന്നു. ഇതിനു പുറമേ സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് 14 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം ഡയറക്ടർ പരാമർശം 4 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് പരാമർശം 5 ലെ സർക്കാർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ എന്നിവയ്ക്കായി 2415-01-004-88 എന്ന ശീർഷകത്തിൽ 6 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു.

3. അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് പരാമർശം 5 ലെ സർക്കാർ ഉത്തരവ് പ്രകാരം ജീവനക്കാരുടെ ശമ്പളം, എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ എന്നിവയ്ക്കായി 2415-01-004-88 ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച 6,00,000/-

(ആറ് ലക്ഷം രൂപ മാത്രം) പ്രസ്തുത ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന്റെ അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെസ്സി ജോർജ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, അന്തർ ദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം, കുട്ടനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2659515/Agri-B1/7/2024-FIN പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineeshkumar
Date: 13-03-2024 16:32:58
സെക്ഷൻ ഓഫീസർ